# Kerala State Co-operative Employees' Welfare Board

7th floor, Jawahar Sahakarana Bhavan, DPI Jn., Thycaud P. O.,
Thiruvananthapuram - 695014. Phone : 0471-2460339, 2333300

e-mail : secretary.kscewb.tvm@gmail.com website : www.kscewb.kerala.gov.in


Date 11-08-2022.....................

തിരുവനന്തപുരം: കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡിൽ അംഗങ്ങളായവരും സാമ്പത്തിക ബാദ്ധ്യതയെ തുടർന്ന് സംഘത്തിന്റെ പ്രവർത്തനം മന്ദീഭവിച്ചതിനാൽ 2022 വർഷത്തെ ഓണക്കാലത്ത് ബോണസ്/ഫെസ്റ്റിവൽ അലവൻസ് ലഭിക്കാത്തവരുമായ സഹകരണ സംഘം ജീവനക്കാർക്ക് ബോർഡിൽനിന്നും സമാശ്വാസ ധനസഹായം അനുവദിക്കുമെന്ന് ബോർഡിന്റെ ചെയർമാൻ കൂടിയായ സഹകരണ വകുപ്പ് മന്ത്രി ശ്രീ. വി.എൻ.വാസവൻ ഉത്തരവ് നൽകിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെയും ഇതര വകുപ്പുകളുടെയും ഭരണനിയന്ത്രണത്തിലുള്ള വെൽഫെയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാർക്കും കമ്മീഷൻ ഏജന്റുമാർക്കും ഈ ധനസഹായത്തിന് അർഹതയുണ്ട്. പ്രവർത്തനം മന്ദീഭവിച്ചതിനാൽ 2022 വർഷത്തെ ഓണത്തിന് ബോണസ്/ ഫെസ്റ്റിവൽ അലവൻസ് സംഘത്തിലെ ജീവനക്കാർക്ക് നൽകുവാൻ സാധിക്കുകയില്ലെന്ന സംഘം പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും സത്യവാങ്മൂലം ഉൾപ്പെടെയുള്ള നിശ്ചിത മാതൃകയിലുള്ള അപേക്ഷ സ്ഥാപനത്തിന്റെ ഭരണനിയന്ത്രണ ചുമതലയുള്ള താലൂക്ക്/ജില്ലാതലത്തിലുള്ള മേലുദ്യോഗസ്ഥന്റെ ശുപാർശ സഹിതം ബോർഡിന്റെ തിരുവനന്തപുരത്തെ ഹെഡ് ഓഫീസിൽ 25-08-2022 വരെ സമർപ്പിക്കാവുന്നതാണ്. അപേക്ഷകൾ തപാൽ മുഖേനയോ, ഇ.മെയിൽ ആയോ അയക്കാവുന്നതാണ്. അപേക്ഷാ ഫോറവും വിശദ വിവരങ്ങളും ബോർഡിന്റെ www.kscewb.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. (ഫോൺ.0471 2333300) ഇ- മെയിൽ - secretary. kscewb.tvm@ gmail.com

Anitha Jacob

അനിത ജേക്കബ്

അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി-ട്രഷറർ

# കേരളാ സ്റ്റേറ്റ് കോ – ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ്, തിരുവനന്തപുരം

പി.ബി.നമ്പർ-427, ഏഴാം നില, ജവഹർ സഹകരണ ഭവൻ, DPI ജംഗ്ഷൻ, തൈക്കാട്.പി.ഒ,
തിരുവനന്തപുരം-695 014, ഫോൺ-0471-2333300.
വെബ്സൈറ്റ് - www.kscewb.kerala.gov.in ഇ- മെയിൽ - secretary. kscewb.tvm@ gmail.com

റീജിയണൽ ഓഫീസ് : 1) പി ബി നമ്പർ. 76, പീക്കേ കോംപ്ലക്സ്, അണ്ടർബ്രിഡ്ജിന് സമീപം, മുനീശ്വരൻ കോവിൽ റോഡ്, കണ്ണൂർ-1, ഫോൺ- 0497-2708370
2) പി ബി നമ്പർ. 106, മഹേശ്വരി ബിൽഡിംഗ് , എം. ജി. റോഡ്, തൃശൂർ- 680001, ഫോൺ- 0487-2444266
3) കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ബിൽഡിംഗ്, ഗാന്ധി നഗർ, കടവന്ത്ര പി.ഒ, കൊച്ചിൻ -20, എറണാകുളം, ഫോൺ- 0484-2205693.
4) പി.ബി.നമ്പർ-427, ഏഴാം നില, ജവഹർ സഹകരണ ഭവൻ, DPI ജംഗ്ഷൻ, തൈക്കാട്.പി.ഒ, തിരുവനന്തപുരം-695 014, ഫോൺ-0471-2333336.

No : WB/G/3343/2022

തീയതി :10/08/2022

## സർക്കുലർ നമ്പർ : 02/2022

വിഷയം: കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ്- 2022 ലെ ഓണം സമാശ്വാസ സഹായം അനുവദിക്കുന്നത് സംബന്ധിച്ച്:-

കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡിൽ അംഗങ്ങളായവരും 2022 വർഷത്തെ ഓണക്കാലത്ത് ബോണസ്/ഫെസ്റ്റിവൽ അലവൻസ് ലഭിക്കാത്തവരുമായ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ബോർഡിൽനിന്നും ഓണം സമാശ്വാസ സഹായം അനുവദിക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു. സാമ്പത്തിക ബാദ്ധ്യതയെ തുടർന്ന് പ്രവർത്തനം ഇല്ലാത്ത അവസ്ഥയിലുള്ള സഹകരണ സംഘം രജിസ്ട്രാറുടെയും കയർ, കൈത്തറി, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ്, വ്യവസായം തുടങ്ങിയ ഇതര വകുപ്പുകളുടെയും ഭരണ നിയന്ത്രണത്തിലുള്ള വെൽഫെയർ ബോർഡിൽ അംഗങ്ങളായ ദുർബ്ബല വിഭാഗത്തിൽപ്പെട്ട സഹകരണ സംഘം ജീവനക്കാർക്കും, കമ്മീഷൻ ഏജന്റുമാർക്കും ഈ ആനുകൂല്യത്തിനായി അപേക്ഷിക്കാവുന്നതാണ്.

2022 വർഷത്തെ ഓണത്തിന് ബോണസ്/ഫെസ്റ്റിവൽ അലവൻസ് സംഘത്തിലെ ജീവനക്കാർക്ക് നൽകുവാൻ സാധിക്കുകയില്ലെന്നുള്ള സംഘം പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും സത്യവാങ്മൂലം ഉൾപ്പെടെയുള്ള നിശ്ചിത മാതൃകയിലുള്ള അപേക്ഷ സ്ഥാപനത്തിന്റെ ഭരണനിയന്ത്രണ ചുമതലയുള്ള താലൂക്ക്/ജില്ല/സംസ്ഥാന തലത്തിലുള്ള മേലുദ്യോഗസ്ഥന്റെ ശുപാർശ (Countersign)സഹിതം ബോർഡിന്റെ തിരുവനന്തപുരത്തെ ഹെഡ് ഓഫീസിൽ സമർപ്പിക്കണം. അപേക്ഷകൾ തപാൽ മുഖേനയോ, ഇ.മെയിൽ ആയോ അയക്കാവുന്നതും ആയത് യഥാസമയം ഓഫീസിൽ ലഭിച്ചുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. അപേക്ഷ ഫോറവും വിശദ വിവരങ്ങളും ബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. നിശ്ചിത മാതൃകയിൽ അല്ലാത്തതും വൈകി ലഭിക്കുന്നതുമായ അപേക്ഷകൾ പരിഗണിക്കുകയില്ല.

അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി: 25-08-2022

അപേക്ഷകൾ അയയ്ക്കേണ്ട വിലാസം :

അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി-ട്രഷറർ,
കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ്,
പി.ബി.നമ്പർ-427, ഏഴാം നില, ജവഹർ സഹകരണ ഭവൻ, DPI ജംഗ്ഷൻ,
തൈക്കാട് .പി.ഒ, തിരുവനന്തപുരം-695 014, ഫോൺ-0471-2333300.

ഉള്ളടക്കം - അപേക്ഷാഫാറത്തിന്റെ മാതൃക

Contact Number
Sr. Superintendent - 9995506280
Asst. Registrar/Manager - 9495689612

Anitha Jacob
അഡീഷണൽ രജിസ്ട്രാർ / സെക്രട്ടറി- ട്രഷറർ

പകർപ്പുകൾ :

1) സഹകരണ സംഘം രജിസ്ട്രാർ (ഉപരിപത്രം സഹിതം)
2) സഹകരണ സംഘം ആഡിറ്റ് ഡയറക്ടർ ( ,, )
3) ഡയറക്ടർ, കയർ വികസന പ്രോജക്ട് ( ,, )
4) ഡയറക്ടർ, ക്ഷീര വികസന വകുപ്പ് ( ,, )
5) ഡയറക്ടർ, ഇൻഡസ്ട്രീസ് & കോമേഴ്സ് ( ,, )
6) ഡയറക്ടർ, ഹാന്റ്ലൂം & ടെക്സ്റ്റയിൽസ് ( ,, )
7) ഡയറക്ടർ, ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ( ,, )
8) സെക്രട്ടറി, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ( ,, )
9) റീജിയണൽ മാനേജർ, കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ്, റീജിയണൽ ഓഫീസ്- കണ്ണൂർ, തൃശൂർ, എറണാകുളം, തിരുവനന്തപുരം ( ,, )
10) എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)
11) എല്ലാ സഹകരണ സംഘം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)
12) എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
13) എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
14) എല്ലാ കയർ വികസന പ്രോജക്ട് ഓഫീസർമാർക്കും
15) എല്ലാ ക്ഷീരവികസന വകുപ്പ് ഡപ്യൂട്ടി ഡയറക്ടർമാർക്കും
16) എല്ലാ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്കും
17) എല്ലാ ഫിഷറീസ് വകുപ്പ് ഡപ്യൂട്ടി ഡയറക്ടർമാർക്കും
18) മാനേജിംഗ് ഡയറക്ടർ, കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ, തിരുവനന്തപുരം.
19) എല്ലാ മിൽമാ മേഖലാ യൂണിയൻ മാനേജിംഗ് ഡയറക്ടർമാർക്കും
20) സഹകരണ സംഘം ജീവനക്കാരുടെ സംഘടനകൾ
21) പത്ര/ദൃശ്യമാധ്യമങ്ങൾക്കും , സഹകരണ പ്രസിദ്ധീകരണങ്ങൾക്കും
22) സ്റ്റോക്ക് ഫയൽ.

# കേരളാ സ്റ്റേറ്റ് കോ – ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്

പി.ബി.നമ്പർ-427, ഏഴാം നില, ജവഹർ സഹകരണ ഭവൻ, DPI ജംഗ്ഷൻ, തൈക്കാട് .പി.ഒ,
തിരുവനന്തപുരം-695 014, ഫോൺ-0471-2333300.
വെബ്സൈറ്റ് - www.kscewb.kerala.gov.in ഇ- മെയിൽ - secretary. kscewb.tvm@ gmail.com

## 2022 വർഷത്തെ ഓണത്തിന് ബോണസ്/ഫെസ്റ്റിവൽ അലവൻസ് ലഭിക്കാൻ സാഹചര്യമില്ലാത്ത ജീവനക്കാർക്കും കമ്മീഷൻ ഏജന്റുമാർക്കും സമാശ്വാസ സഹായം ലഭിക്കുന്നതിനുള്ള അപേക്ഷാ ഫാറം

കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ അംഗങ്ങളായവരും 2022 വർഷത്തെ ഓണക്കാലത്ത് ബോണസ്/ഫെസ്റ്റിവൽ അലവൻസ് അനുവദിക്കാൻ സാഹചര്യമില്ലാത്തവരുമായ സഹകരണ സംഘം ജീവനക്കാർക്ക് കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ് ഏർപ്പെടുത്തിയിട്ടുള്ള ഓണം സമാശ്വാസ സഹായം ഈ സംഘത്തിലെ ചുവടെ പറയുന്ന ജീവനക്കാർക്ക് അനുവദിച്ചു നൽകണമെന്ന് അപേക്ഷിക്കുന്നു.

സംഘത്തിന്റെ പേര്: ...........................................................................................................................

പൂർണ്ണമായ മേൽവിലാസം: ...........................................................................................................................

ജില്ല:.............................................. ഫോൺ .............................................. സംഘത്തിന്റെ കോഡ് നമ്പർ ..............................

### ജീവനക്കാരുടെ പേര് വിവരം

| ക്രമ നം. | ജീവനക്കാരുടെ പേര് | തസ്തിക | കോഡ് നമ്പർ | ഫോൺ നമ്പർ (മൊബൈൽ) | ജീവനക്കാരുടെ ഒപ്പ് |
|---|---|---|---|---|---|
| 1 | | | | | |
| 2 | | | | | |
| 3 | | | | | |
| 4 | | | | | |
| 5 | | | | | |
| 6 | | | | | |
| 7 | | | | | |
| 8 | | | | | |
| 9 | | | | | |
| 10 | | | | | |

മേൽ പറഞ്ഞ ജീവനക്കാർക്ക് 2022 വർഷത്തെ ഓണക്കാലത്ത് ഈ സ്ഥാപനത്തിൽനിന്നും ബോണസ്/ഫെസ്റ്റിവൽ അലവൻസ് അനുവദിക്കാൻ സാഹചര്യമില്ല എന്ന് സാക്ഷ്യപ്പെടുത്തുന്നു.

പ്രസിഡന്റ്

ഒപ്പ്:
പേര്:

സെക്രട്ടറി

ഒപ്പ്:
പേര്:

(സംഘം സീൽ)

സ്ഥലം:
തീയതി:

### കൗണ്ടർസൈൻ

(ഓഫീസ് സീൽ)

ഒപ്പ് :
പേര് :
തസ്തിക :

സ്ഥലം:
തീയതി:

കുറിപ്പ്: സംഘത്തിന്റെ ഭരണനിയന്ത്രണ ചുമതലയുള്ള താലൂക്ക്/ജില്ല/സംസ്ഥാന തലത്തിലുള്ള മേലുദ്യോഗസ്ഥൻ അപേക്ഷയിൽ കൗണ്ടർസൈൻ ചെയ്യണം.